LIBRARY ARCHIVES Kerala Legislative Assembly

(സി) ടെണ്ടർ നടപടികളിൽ പങ്കാളിയെ തെരഞ്ഞെടുക്കുന്നതിനുള്ള ഏക മാനദണ്ഡം പ്രീമിയം തുക അല്ലെങ്കിൽ ഗ്രാന്റ് ചോദിക്കുക എന്നതാണ്. യോഗ്യത നേടിയവരിൽനിന്നും ഏറ്റവും കൂടുതൽ പ്രീമിയം നൽകുന്നതോ അല്ലെങ്കിൽ ഏറ്റവും കുറഞ്ഞ ഗ്രാന്റ് ആവശ്യപ്പെടുന്നതോ ആയ കമ്പനിയെയാണ് അന്തിമമായി തെരഞ്ഞെടുക്കുന്നത്. 2005-ലും (Zoom Developers), 2010-ലും (വെൽസ്പൺ കൺസോർഷ്യം) നടന്ന ടെണ്ടറിൽ സർക്കാർ ഗ്രാന്റാണ് ആവശ്യപ്പെട്ടത്. എന്നാൽ 2007-ൽ നടന്ന ടെണ്ടറിൽ തെരഞ്ഞെടുക്കപ്പെട്ട കൺസഷനയർ (ലാൻകോ) പ്രീമിയം നൽകാം എന്ന് പറഞ്ഞിരുന്നു. ആദ്യത്തെ ടെണ്ടറിൽ യോഗ്യതനേടിയ കമ്പനിക്ക് (Zoom Developers) സുരക്ഷാനുമതി ലഭ്യമായില്ല. രണ്ടാമത്തെ ടെണ്ടറിൽ (2007) അഞ്ചുപേർ പങ്കെടുത്തു. ഇതിൽ മൂന്നുപേർ യോഗ്യത നേടി. ലാൻകോ എന്ന കമ്പനിക്ക് LOI നൽകിയെങ്കിലും വ്യവഹാരത്തെ തുടർന്ന് അവർ പിൻവാങ്ങി. മൂന്നാമത്തെ ടെണ്ടറിൽ (2010) രണ്ടുപേർ RFP സമർപ്പിച്ചു. ഇതിൽ സുരക്ഷാനുമതി ലഭിച്ച ഏക കമ്പനിയായ വെൽസ്പൺ കൺസോർഷ്യം പദ്ധതിയുടെ അവർ ചെയ്യേണ്ട മൊത്തം പി.പി.പി. ഘടകമായ 970 കോടി രൂപയിൽ, 479.54 കോടി രൂപ ഗ്രാന്റായി ആവശ്യപ്പെട്ടു. സർക്കാർ ചെയ്യേണ്ട മറ്റ് ഘടകങ്ങൾ ഒരു ഇ.പി.സി. (എഞ്ചിനീയറിംഗ് പ്രൊക്വയർമെന്റ് കൺസ്ട്രക്ഷൻ) വഴി നടപ്പിലാക്കുന്നതിന് സർക്കാർ ടെണ്ടർ ചെയ്യേണ്ടതും സ്വകാര്യ പങ്കാളിക്ക് ആ ടെണ്ടറിന് First Right of Refusal നൽകേണ്ടതുമായിരുന്നു. ഈ ടെണ്ടർ സർക്കാർ സ്വീകരിച്ചില്ല.

(ഡി) 2010-ൽ സർക്കാർ അംഗീകരിച്ച ലാന്റ് ലോർഡ് മോഡലിൽ ഇറമുഖത്തിന്റെ ബ്രേക്ക് വാട്ടർ, ഡ്രെഡ്ജിംഗ്&റിക്ലമേഷൻ, ബെർത്ത്, റോഡ് (സിവിൽ ഇൻഫ്രാസ്ട്രക്ചർ) എന്നിവയുടെ നിർമ്മാണം Engineering Procurement Construction ടെണ്ടർമുഖേന സർക്കാരും സൂപ്പർ സ്ട്രക്ചർ, എക്വിപ്മെന്റ്, പോർട്ട് ഓപ്പറേഷൻ തുടങ്ങിയവ പി.പി.പി. മുഖാന്തിരം തെരഞ്ഞെടുക്കുന്ന കൺസഷനയറുമാണ് ചെയ്യേണ്ടത്. ഈ മാതൃക പ്രകാരം നിർമ്മാണം പൂർത്തിയാക്കിയശേഷം 30 കൊല്ലം പാട്ടത്തിന് നൽകാനായിരുന്നു വ്യവസ്ഥ. രണ്ടാമത്തെ ഘട്ടത്തിൽ കൺസഷനയർക്ക് First Right of Refusal നൽകേണ്ടതുമുണ്ട്. ഈ ലാന്റ് ലോർഡ് മാതൃകയനുസരിച്ച് സർക്കാരിന് വരുമാന വിഹിതമില്ല.

വിഴിഞ്ഞം പദ്ധതി

119 (123) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം പദ്ധതിക്കുള്ള ടെണ്ടർ ആദ്യമായി വിജ്ഞാപനം ചെയ്തത് എപ്പോഴായിരുന്നു ; എത്ര കമ്പനികൾ ടെണ്ടറിൽ പങ്കെടുത്തു ; അതിൽ യോഗ്യത നേടിയ കമ്പനികൾ ഏതെല്ലാമായിരുന്നു ;

(ബി) പ്രസ്തുത വിജ്ഞാപനം ഒഴിവാക്കി 2013 ഡിസംബർ 4-ാം തീയതി വീണ്ടും ടെണ്ടർ പുറപ്പെടുവിക്കാനിടയായ സാഹചര്യം എന്തായിരുന്നുവെന്ന് വിശദമാക്കാമോ ;

(സി) പുനർ വിജ്ഞാപനത്തെത്തുടർന്ന് യോഗ്യത നേടിയ കമ്പനികൾ ഏതൊക്കെയായിരുന്നു ; അതിൽ ഏതെല്ലാം കമ്പനികൾ അടുത്ത ഘട്ടത്തിലേക്കുള്ള ആർ.എഫ്.പി. വാങ്ങുകയുണ്ടായി ;

(ഡി) മുഖ്യമന്ത്രിയും ചീഫ് സെക്രട്ടറിയും ഉൾപ്പെടെയുള്ളവർ ആർ.എഫ്.പി. വാങ്ങിയ ഏതെല്ലാം കമ്പനികളുടെ പ്രതിനിധികളുമായി എന്തെല്ലാം കാര്യങ്ങൾ എവിടെയെല്ലാം വച്ച് എത്ര തവണ ചർച്ച നടത്തുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിഴിഞ്ഞം പദ്ധതിക്കുള്ള ടെണ്ടർ 2005-ൽ ആണ് ആദ്യമായി വിജ്ഞാപനം ചെയ്തത്. ഈ ടെണ്ടറിൽ രണ്ടുപേർ പങ്കെടുത്തു. ഇതിൽ യോഗ്യത നേടിയ കമ്പനി Zoom Developers ആണ്.

(ബി) ആദ്യത്തെ ടെണ്ടറിൽ (2005) രണ്ടുപേർ പങ്കെടുത്തു. ഇതിൽ യോഗ്യത നേടിയ കമ്പനിക്ക് (Zoom Developers) സുരക്ഷാനുമതി ലഭ്യമായില്ല. രണ്ടാമത്തെ ടെണ്ടറിൽ (2007) അഞ്ചുപേർ പങ്കെടുത്തു. ഇതിൽ മൂന്ന് പേർ യോഗ്യത നേടി. ലാൻകോ എന്ന കമ്പനിക്ക് Letter of Intent (LOI) നൽകിയെങ്കിലും വ്യവഹാരത്തെ തുടർന്ന് അവർ പിൻവാങ്ങി. മൂന്നാമത്തെ ടെണ്ടറിൽ (2010) പതിനാല് പേർ RFQ വാങ്ങിയതിൽ പന്ത്രണ്ട് പേർ യോഗ്യത നേടുകയും രണ്ടുപേർ RFP സമർപ്പിക്കുകയും ചെയ്തു. ഇതിൽ സുരക്ഷാനുമതി ലഭിച്ച ഏക കമ്പനിയായ വെൽസ്പൺ കൺസോർഷ്യം പദ്ധതിയുടെ അവർ ചെയ്യേണ്ട മൊത്തം പി.പി.പി. ഘടകമായ 970 കോടി രൂപയിൽ 479.54 കോടി രൂപ ഗ്രാന്റായി ആവശ്യപ്പെട്ടു. സർക്കാർ ചെയ്യേണ്ട മറ്റ് ഘടകങ്ങൾ ഒരു ഇ.പി.സി. (എഞ്ചിനീയറിംഗ് പ്രൊക്വയർമെന്റ് കൺസ്ട്രക്ഷൻ) വഴി നടപ്പിലാക്കുന്നതിന് സർക്കാർ ടെണ്ടർ ചെയ്യേണ്ടതും സ്വകാര്യ പങ്കാളിക്ക് ആ ടെണ്ടറിന് First Right of Refusal നൽകേണ്ടതുമായിരുന്നു. ഈ ടെണ്ടർ സംസ്ഥാന സർക്കാർ സ്വീകരിച്ചില്ല. അതിനെ തുടർന്നാണ് 2013 ഡിസംബർ 4-ാം തീയതി വീണ്ടും ടെണ്ടർ വിജ്ഞാപനം പുറപ്പെടുവിച്ചത്.

(സി) പുനർ വിജ്ഞാപനത്തെ തുടർന്ന് (2013-ലെ ടെണ്ടറിൽ) യോഗ്യത നേടിയ അഞ്ച് കമ്പനികൾ ചുവടെ പറയുന്നവയാണ്.

- Gammon Infrastructure Projects Limited
- Consortium of Concast Infratech Ltd & Hyundai Engineering & Construction Co. Ltd.
- Essar Ports Ltd.
- SREI-OHL Consortium
- Adani Ports & Special Economic Zone Ltd.

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ Essar Ports Ltd, SREI-OHL Consortium, Adani Ports & Special Economic Zone Ltd. എന്നീ മൂന്ന് കമ്പനികൾ RFP വാങ്ങുകയുണ്ടായി. എന്നാൽ അദാനി പോർട്ട്സ് & സ്പെഷ്യൽ എക്കണോമിക് സോൺ ലിമിറ്റഡ് മാത്രമാണ് ബിഡ് സമർപ്പിച്ചത്.

(ഡി) ആർ.എഫ്.പി. വാങ്ങിയ കമ്പനി പ്രതിനിധികളുമായി നടന്ന ചർച്ചകളിൽ ഒന്നുംതന്നെ മുഖ്യമന്ത്രിയോ ചീഫ് സെക്രട്ടറിയോ പങ്കെടുത്തിട്ടില്ല. ടെണ്ടറിൽ പങ്കെടുത്ത M/s Adani Ports & Special Economic Zone Limited-ന്റെ ചെയർമാനുമായി അദാനി ഗ്രൂപ്പിന്റെ പോർട്ട് ഡയറക്ടർ ഉൾപ്പെടെയുള്ള കമ്പനി ഉദ്യോഗസ്ഥരുടെയും ഇറമുഖ വകുപ്പുമന്ത്രി, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (ഇറമുഖം), ഡൽഹി റസിഡന്റ് കമ്മീഷണർ, ഇറമുഖ കമ്പനി മാനേജിംഗ് ഡയറക്ടർ, ഇറമുഖ കമ്പനി പ്രോജക്ട് മാനേജർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ മുഖ്യമന്ത്രി സംസാരിച്ചിരുന്നു. 2015 മാർച്ച് 3-ന് ഡൽഹിയിൽവച്ച് നടന്ന കൂടിക്കാഴ്ചയിൽ ടെണ്ടർ വ്യവസ്ഥകളെ സംബന്ധിച്ച് യാതൊരു ചർച്ചയും നടന്നിട്ടില്ല. ആരും ടെണ്ടറിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ ടെണ്ടർ സമർപ്പിക്കുന്ന തീയതിക്കുമുമ്പ് നടന്ന ഈ ചർച്ചയിൽ ടെണ്ടറിൽ പങ്കെടുക്കാൻ കമ്പനിയിൽ താൽപര്യം ജനിപ്പിക്കുക മാത്രമായിരുന്നു ഉദ്ദേശം.

വിഴിഞ്ഞം ഇറമുഖ പദ്ധതി

120 (124) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എ. റ്റി. ജോർജ്ജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം രാജ്യാന്തര ഇറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ നടപടികളുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ ;

(ഡി) പദ്ധതിയനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ഇടങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 67-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly